# വീണ്ടും ഒരു അറഫാ നോമ്പും ബലിപെരുന്നാളും

മാന്യരെ,

اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ وَبَرَكَاتُهُ

**ആഗോളാടിസ്ഥാനത്തിലുള്ള കാഴ്ചയാണ് അടിസ്ഥാനം:** അറഫാ ദിവസത്തെ നോമ്പുകൊണ്ട് കഴിഞ്ഞ ഒരു വർഷത്തെയും വരാനിരിക്കുന്ന ഒരു വർഷത്തെയും പാപങ്ങൾ പൊറുക്കപ്പെടും. ഹാജിമാർ അറഫയിൽ നിൽക്കുന്ന ദിവസമാണ് അറഫാദിനം. അത് ദുൽഹിജ്ജ ഒമ്പതിനാണ്. അറബി മാസം തീരുമാനിക്കുന്നത് മാസപ്പിറവി കാണുന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. മാസപ്പിറവി ഒരോ വീട്ടിലും പറമ്പിലും മഹല്ലിലും നാട്ടിലും രാജ്യത്തും പ്രത്യേകം പ്രത്യേകം കാണേണ്ടതില്ല. ലോകത്ത് എവിടെയെങ്കിലും ഒരിടത്ത് കാണുകയും, ഒരു മുസ്‌ലിം ഭരണാധികാരി അത് അംഗീകരിച്ച് പ്രഖ്യാപിക്കുകയും ചെയ്താൽ ആ വിവരം യഥാസമായം ലഭിക്കുന്ന ഏതൊരാൾക്കും അത് ബാധാകമായിരിക്കും.

**അറഫയിലും ബലിപെരുന്നാളിലും മക്കക്കാരെ പിന്തുടരുക:** ഹജ്ജിന്റെ കർമ്മങ്ങൾ നടക്കുന്നത് മക്കയിലാണ്. അവിടുത്തെ ഭരണാധികാരി, ദുൽഹിജ്ജ മാസപ്പിറവി കണ്ടത് അംഗീകരിച്ച് പ്രഖ്യാപിക്കുകയും തദടിസ്ഥാനത്തിൽ ദുൽഹിജ്ജ ഒമ്പതിന്ന് അറഫാദിനം നിശ്ചയിക്കുകയും ചെയ്യുന്നു. അന്നാണ് ഹാജിമാർ അറഫയിൽ നിൽക്കുന്നത്.

മക്കയിലെ ഭരണാധികാരി മക്കയിലെ പ്രാദേശികമായ കാഴ്ച മാത്രമല്ല പരിഗണിക്കുക. ലോകത്ത് എവിടെ കണ്ടാലും യോഗ്യരായ ആളുകൾ സാക്ഷ്യപ്പെടുത്തുന്ന പക്ഷം, അദ്ദേഹത്തിന് അത് അംഗീകരിച്ച് പ്രഖ്യാപിക്കാവുന്നതാണ്. ഉമർ ﷺ അങ്ങനെ ചെയ്തിരുന്നു എന്നത് സുവിദിതമാണല്ലോ.

ബലിപെരുന്നാൾ വിഷയത്തിൽ മറ്റു നാട്ടുകാരെല്ലാം മക്കക്കാരെ പിന്തുടരുകയാണ് വേണ്ടത്. ഇക്കാര്യം ഇമാം അഹ്‌മദ്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ പോലുള്ളവർ പ്രസ്താവിച്ചിട്ടുണ്ട്. അഥവാ ദുൽഹിജ്ജ മാസം എന്ന് തുടങ്ങുന്നു, അറഫാദിനവും ബലിപെരുന്നാളും ഏതു ദിവസങ്ങളിലാണ് എന്ന വിഷയത്തിൽ മറ്റു നാട്ടുകാരെല്ലാം, യഥാസമയം അവർക്ക് ആ വിവരം ലഭിക്കുന്ന പക്ഷം, മക്കക്കാരെ പിന്തുടരണം.

**2021ലെ അറഫയും ബലിപെരുന്നാളും:** ഈ വർഷം ജൂലായ് 9 വെള്ളി സൂര്യനസ്തമിച്ച ശേഷം ദുൽഹിജ്ജ മാസപ്പിറവി കാണാൻ കഴിഞ്ഞില്ല. അതിനാൽ ജൂലായ് 10 ശനി ദുൽഖഅ്ദ 30 ആയി കണക്കാക്കുകയും, ജൂലായ് 11 ഞായർ ദുൽഹിജ്ജ ഒന്നായി മക്കയിലെ ഭരണാധികാരികൾ അംഗീകരിച്ച് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. തദടിസ്ഥാനത്തിൽ ജൂലായ് 19 തിങ്കൾ ഈ വർഷത്തെ അറഫാദിനമായി നിശ്ചയിച്ചിട്ടുള്ളത്. തൊട്ടടുത്ത ദിവസം, അഥവാ ജൂലായ് 20 ചൊവ്വ, മുസ്‌ലിം ലോകം ബലിപെരുന്നാൾ ആഘോഷിക്കുകയുമാണ്. അക്കാര്യം യഥാസമയത്ത് അറിഞ്ഞിട്ടും അത് അംഗീകരിക്കാതെ, കേരളത്തിലുള്ള ചിലർ അവരുടെ പറമ്പിൽ തന്നെ മാസപ്പിറവി കാണണമെന്നും അവരുടെ കമ്മിറ്റിക്കാണ് മാസപ്പിറവിയും പെരുന്നാളും തീരുമാനിക്കാനുള്ള അവകാശമെന്നും വാശിപിടിക്കുന്നതുകൊണ്ടാണ് ഇവിടെ കടുത്ത ആശയക്കുഴപ്പങ്ങളും ഭിന്നിപ്പുകളും ഉടലെടുക്കുന്നത്.

**മക്കയുടെ എതിർഭാഗത്തു താമസിക്കുന്നവർ എന്തു ചെയ്യും?** ഈ വർഷം ജൂലായ് 19 തിങ്കളാഴ്ചയാണ് ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ അറഫാ നോമ്പ് പിടിക്കുന്നത്. എന്നാൽ കേരളത്തിൽ ചില സംഘടനാ പക്ഷപാതികൾ ജൂലായ് 20 ചൊവ്വാഴ്ചയാണ് അറഫാദിനം എന്ന് പ്രചരിപ്പിക്കുന്നു. അത് ശരിയല്ല; തെറ്റാണ്. അന്ധമായ അനുകരണമോ സംഘടനാ പക്ഷപാതമോ അല്ലാതെ മറ്റൊരടിസ്ഥാനവും അതിനില്ല. ഈ വങ്കത്തം മറച്ചു പിടിക്കാൻ വേണ്ടി അവർ ഉന്നയിക്കുന്ന ഒരു ദുർന്യായമാണ് മക്കയുടെ എതിർ ദിശയിൽ സ്ഥിതിചെയ്യുന്ന നാടുകളിലുള്ളവർക്ക് എങ്ങനെയാണ് ഹാജിമാർ അറഫയിൽ നിൽക്കുന്ന 'സമയത്ത് തന്നെ' അറഫാ നോമ്പ് പിടിക്കാൻ കഴിയുക എന്നുള്ളത്. ശുദ്ധമായ ഒരു അസംബന്ധം മാത്രമാണിത്. രണ്ടു കാര്യങ്ങൾ ഓർക്കുക:

1. ഹാജിമാർ അറഫയിൽ നിൽക്കുന്ന 'സമയത്ത് തന്നെ' അറഫാ നോമ്പ് പിടിക്കണമെന്ന് അഹ്‌ലുസ്സുന്നത്തിൽപെട്ട ആരും പറഞ്ഞിട്ടില്ല. അത്തരം ഒരു വാദത്തിന് പ്രമാണരേഖകളുടെ പിൻബലമില്ല, പരിഗണനീയമായ പണ്ഡിതാഭിപ്രായങ്ങൾ പോലുമില്ല. അത് ഒട്ടും പ്രായോഗികവുമല്ല. മറിച്ച്, അറഫാദിവസം ഒന്നേയുള്ളു. അത് ദുൽഹിജ്ജ ഒമ്പതിനാണ്. ദുൽഹിജ്ജ ഒമ്പത് ഓരോ പറമ്പും പ്രദേശവും മാറുന്നതിനുസരിച്ച് മാറ്റേണ്ട ഒന്നല്ല. ഇതാണ് മഹാന്മാരായ ഇമാമുകളുടെയും മുഹഖിഖുകളായ ഉലമാക്കളുടെയും നിലപാട്.

2. മനുഷ്യാധിവാസ പ്രദേശങ്ങളുടെ മധ്യത്തിലാണ് മക്ക സ്ഥിതിചെയ്യുന്നത്. അവിടെനിന്ന് കിഴക്കോട്ട് 12 മണിക്കൂറും, പടിഞ്ഞാറോട്ട് 12 മണിക്കൂറും ചേരുന്നതാണ് ഭൂമിയിലെ ഒരു ദിവസം. അതുകൊണ്ടു തന്നെ, ലോകത്തിന്റെ ഏത് കോണിൽ വസിക്കുന്നവർക്കും അറഫാദിവസം തന്നെ അറഫാ നോമ്പ് പിടിക്കാൻ കഴിയും. ഹാജിമാർ നിൽക്കുന്ന സമയമല്ല പരിഗണിക്കേണ്ടത്, ദിവസമാണ്. അത് സാധ്യവുമാണ്. അല്ലാതെ ഹാജിമാർ അറഫയിൽ നിൽക്കുന്ന 'സമയത്ത് തന്നെ' അറഫാ നോമ്പ് പിടിക്കണം എന്നൊരു കൽപനയില്ല. അങ്ങനെ പറയാൻ തെളിവൊന്നുമില്ല. പരിഗണനീയരായ പണ്ഡിതന്മാരാരും അങ്ങനെ പറഞ്ഞിട്ടുമില്ല. അത് പ്രായോഗികവുമല്ല. മാസപ്പിറവി പ്രാദേശികമായി തന്നെ കാണണമെന്നും, തദടിസ്ഥാനത്തിൽ പ്രാദേശികമായി ദുൽഹിജ്ജ 9 എന്നാണോ വരുന്നത് അന്നാണ് അറഫാ നോമ്പ് പിടിക്കേണ്ടതെന്ന് ജൽപിക്കുകയും ചെയ്യുന്നവർ, സലഫുകളുടെ മാതൃകയനു

സരിച്ച് അറഫാദിവസം തന്നെ അറഫാ നോമ്പ് പിടിക്കാനുള്ള തൌഫീഖ് സ്വയം നഷ്ടപ്പെടുത്തുക യാണ് ചെയ്യുന്നത്.

**<u>യുക്തിയല്ല, കുയുക്തി:</u>** പ്രമാണ രേഖകളാണ്, യുക്തിയല്ല മതകാര്യങ്ങൾക്ക് അടിസ്ഥാനമെന്ന് വിശ്വ സിക്കുന്ന ഒരാളും ഹാജിമാർ അറഫയിൽ നിൽക്കുന്ന 'സമയത്ത് തന്നെ' അറഫാ നോമ്പ് പിടിക്ക ണമെന്നോ, എങ്ങനെയാണ് അതിനു സാധിക്കുകയെന്നോ ഉള്ള സംശയം ഉന്നയിക്കാനിടയില്ല. മറിച്ച്, യുക്തി പ്രമാണ രേഖകൾക്കും അതീതമാണെന്ന് കരുതുന്ന ചില അൽപബുദ്ധികളാണ് ഈ അസം ബന്ധം എഴുന്നള്ളിക്കാറുള്ളത്. മാസപ്പിറവി ലോകത്ത് എവിടെ കണ്ടാലും പരിഗണിക്കേണ്ടതാണ്. പ്രാദേശികമായ കാഴ്ച നിർബ്ബന്ധമില്ലാത്തതുമാണ്. പ്രമാണബദ്ധവും പ്രായോഗികവുമായ ഈ നില പാടിനെ ഖണ്ഡിക്കാൻ കഴിയാതെ വരുമ്പോൾ അനാവശ്യമായി ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ച് ആത്മ നിർവൃതിയടയാൻ ചില അൽപന്മാരുടെ കുബുദ്ധിയിൽ ഉദിക്കുന്ന കാര്യമാണ് 'മക്കയുടെ ഏതിർ ദിശ യിൽ സ്ഥിതിചെയ്യുന്ന നാടുകളിലുള്ളവർ ഹാജിമാർ അറഫയിൽ നിൽക്കുന്ന 'സമയത്ത് തന്നെ' എ ങ്ങനെ അറഫാ നോമ്പ് പിടിക്കും' എന്നുള്ള ചോദ്യം.

**<u>ഭൂരിപക്ഷത്തിന്റെ കൂടെ എന്നത് ദുർവ്യാഖ്യാനം:</u>** ഇന്ന് പുതിയ ചില അപസ്വരങ്ങൾ കൂടി പൊങ്ങിവ രുന്നു. പെരുന്നാൾ ആഘോഷിക്കേണ്ടത് ഭൂരിപക്ഷത്തിന്റെ കൂടെയാണ്. അതിനാൽ ഈ വർഷം ബുധ നാഴ്ചയാണ് കേരളത്തിലുള്ള മുസ്‌ലിംകൾ പെരുന്നാൾ ആഘോഷിക്കേണ്ടത് എന്നുള്ളതാണ് ആ വാദം. അതിനു വേണ്ടി അവർ ഒരു ഹദീസിനെ ദുർവ്യാഖ്യാനിക്കുക കൂടി ചെയ്യുന്നു. നോമ്പും പെരു ന്നാളും اَلنَاسُ / عُظْمُ النَاسِ ന്റെ കൂടെയായിരിക്കണം എന്നു നിർദ്ദേശിക്കുന്ന ഹദീസുകളാണവ. ഹദീസുക ളിൽ വന്നിട്ടുള്ള اَلْجَمَاعَةُ / عُظْمُ النَاسِ / اَلنَاسُ എന്നതിന്റെ വിവക്ഷ മുസ്‌ലിം ഭരണാധികാരിയും അദ്ദേഹത്തി നു ബൈഅത്ത് ചെയ്തിട്ടുള്ള പ്രജകളുമാണ്. അല്ലാതെ തലയില്ലാത്ത തെങ്ങിൽ കേറാനുള്ള ഉപദേശ മല്ല അതിലുള്ളത്. അത്തരം ഹദീസുകൾ ഖുലഫാക്കളും സ്വഹാബത്തും എങ്ങനെ മനസ്സിലാക്കി എ ന്നു നോക്കണം. ഭരണാധികാരിയെയും അദ്ദേഹത്തിനു ബൈഅത്ത് കൊടുത്തിട്ടുള്ള പ്രജകളെയുമാണ് അതുകൊണ്ട് വിവക്ഷിക്കുന്നത് എന്ന കാര്യം സലഫുകളുടെ നടപടികളിൽനിന്നും പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങളിൽനിന്നും അനായാസം ഗ്രഹിക്കാവുന്നതാണ്. സങ്കടകരമെന്നു പറയട്ടെ, കേരളത്തിൽ കാര്യങ്ങൾ ശരിയായ വിധത്തിൽ ചിന്തിക്കാനും സത്യമായ മാർഗ്ഗം ഉപദേശിക്കാനും ആരുമില്ലാതായിരി ക്കുകയാണ്. وَاللهُ الْمُسْتَعَانُ

**<u>ഒരു മുസ്‌ലിം ഭരണാധികാരി മറിച്ചു തീരുമാനിച്ചാൽ..</u>** ഈ വർഷം, ജൂലായ് 19 തിങ്കളാഴ്ചയാണ് അ റഫാദിനം. അന്ന് തന്നെ അറഫാ നോമ്പ് പിടിക്കലാണ് ശരിയായ മാർഗ്ഗം. പെരുന്നാൾ ആഘോഷിക്കേണ്ടത് മുസ്‌ലിം ലോകത്തോടൊപ്പം ചൊവ്വാഴ്ചയും. എന്നാൽ ഏതെങ്കിലും ഒരു മുസ്‌ലിം ഭരണാധികാരി തന്റെ നാട്ടിൽ ബുധനാഴ്ച പെരുന്നാൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അവിടെ താമ സിക്കുന്നവർ പെരുന്നാൾ ആഘോഷിക്കേണ്ടത് ആ ഭരണാധികാരിയുടെ തീരുമാനം അനുസരിച്ചാണ്.

**<u>നമ്മുടെ നാട്ടിലെ സ്ഥിതിഗതികൾ:</u>** ഇവിടെ മുസ്‌ലിംകളെ ഒന്നിച്ചു നിർത്താൻ അവർക്ക് ഒരു ഭരണ നേതൃത്വമില്ല. അവർ പല കക്ഷികളായി ഭിന്നിച്ചു കിടക്കുകയാണ്. ഈ കക്ഷികളെല്ലാം ബുധനാഴ്ച യാണ് പെരുന്നാൾ ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നത്. അപ്പോൾ സത്യം പിന്തുടരാനാഗ്രഹിക്കു ന്നവർ ചെയ്യേണ്ടത് തിങ്കളാഴ്ച തന്നെ അറഫാ നോമ്പ് പിടിക്കുകയും സുന്നത്ത് അനുസരിച്ച് ചൊവ്വാഴ്ച പെരുന്നാൾ ആഘോഷിക്കുന്നവരുണ്ടെങ്കിൽ അവരോടൊപ്പം ചേരുകയുമാണ്. അതിനും സാഹചര്യമില്ലെങ്കിൽ മാത്രം മറ്റു നിർവ്വാഹമില്ലാത്തതിനാൽ നാട്ടിൽ നടക്കുന്ന പെരുന്നാൾ ആഘോഷ ത്തിൽ പങ്കെടുക്കുക.

**<u>ശൂന്യദിവസമോ?</u>** തിങ്കൾ അറഫാ നോമ്പ്. ബുധൻ പെരുന്നാളാഘോഷം. അപ്പോൾ ചൊവ്വാഴ്ച ശൂന്യ ദിനമോ എന്നൊരു ചോദ്യം അവശേഷിക്കുന്നു. ഹദീസുർ റഹ്ത് നമ്മുടെ മുന്നിലുണ്ടല്ലോ. നബി ﷺ യുടെ കാലത്ത് റമളാൻ 29ന് മദീനയിൽ മാസപ്പിറവി ദൃശ്യമായില്ല. അടുത്ത ദിവസം അവർ നോമ്പ് തുടരുന്നു. അങ്ങനെ വൈകുന്നേരം അസ്ർ നമസ്കരിച്ച് ഇരിക്കുമ്പോൾ ഒരു യാത്രാ സംഘം വരുന്നു. തലേദിവസം അവർ മാസപ്പിറവി കണ്ടത് അവർ നബി ﷺ യെ ബോധ്യപ്പെടുത്തുന്നു. അവിടുന്ന് ഉടൻ നോമ്പ് മുറിക്കുന്നു. അനുചരന്മാരോട് നോമ്പ് മുറിക്കാൻ കൽപിക്കുന്നു. പിറ്റേ ദിവസം കാലത്ത് പെരു ന്നാൾ നമസ്കാരിക്കാൻ മുസ്വല്ലയിലേക്ക് പുറപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. മാസപ്പിറവി പ്രാദേശികമായി തന്നെ കാണേണ്ടതില്ല എന്നതിനു പുറമെ, ഇങ്ങനെ ഒരു ശൂന്യദിനം അസാധാരണ സാഹചര്യങ്ങളിൽ ആകാമെന്നു കൂടി ഹദീസുർ റഹ്ത് നമ്മെ പഠിപ്പിക്കുന്നു. اَللهُ أَعْلَمُ

— Zubair M (@zubairmankada) 15 July 2021